പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1233

01.07.2015 ൽ മറുപടിക്ക്

## ഒരു കിലോ അരി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. ടി.എം.തോമസ് ഐസക്:** | **ശ്രീ അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത്, രണ്ടു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി നടപ്പിലാക്കി വന്നത് ഏത് തീയതി മുതലായിരുന്നു : ആ പദ്ധതിയുടെ ഗുണഫലം എത്ര കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ടായിരുന്നു ; | (എ) രണ്ടു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി 22.05.2009-ാം തീയതിയിലാണ് നടപ്പിൽ വന്നത്. ആ സമയത്ത് 23.28 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു വന്നിരുന്നു. ഇതിൽ 14.65 ലക്ഷം ബി.പി.എൽ കുടുംബങ്ങളും 5.80 ലക്ഷം എ.എ.വൈ കുടുംബങ്ങളും എ.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടിക ജാതി/ പട്ടിക വർഗ്ഗ, മത്സ്യ തൊഴിലാളി, ആശ്രയ കുടുംബങ്ങളിൽപ്പെട്ട 2.83 ലക്ഷം കുടുംബങ്ങളും ഉൾപ്പെട്ടിരുന്നു. |
| (ബി) ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകിയ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയത് ഏത് തീയതി മുതലായിരുന്നു ; ഈ പദ്ധതിയുടെ ഗുണഫലം എത്ര കുടുംബങ്ങൾക്ക് ലഭ്യമാകുന്നുണ്ട് ; | (ബി) ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി 01.09.2011-ാം തീയതിയിലാണ് നടപ്പിൽ വന്നത്. 20.63 ലക്ഷം കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു വരുന്നു. |
| (സി) ഒരു രൂപയ്ക്ക് അരി പദ്ധതിക്ക് വേണ്ടി അത് നടപ്പിലാക്കിയ തീയതി മുതൽ ഇതുവരെ ഓരോ വർഷവും ഖജനാവിൽ നിന്ന് ചെലവഴിച്ച തുക എത്ര വീതമാണ്; | (സി) 2011-12 വർഷം: 164,04,65,200 രൂപ<br>2012-13 വർഷം: 215,82,38,400 രൂപ<br>2013-14 വർഷം: 242,30,22,400 രൂപ<br>2014-15 വർഷം: 274,24,22,000 രൂപ<br>2015-16 വർഷം (മെയ് 2015 വരെ): 43,33,59,200 രൂപ വീതം ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതിക്ക് ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഒരു മാസം അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഒരു രൂപയ്ക്ക് അരി നൽകുന്നതിന് വേണ്ടി ചെലവഴിക്കേണ്ടി വന്ന തുക എത്രയാണ് ; | (ഡി) | ഒരു രൂപയ്ക്ക് ഒരു കിലോ അരി പദ്ധതിക്ക് ഒരു മാസം 21,66,79,600 രൂപ ഇപ്പോൾ ചെലവാകുന്നുണ്ട്. |
| (ഇ) | ഈ പദ്ധതി പ്രകാരം സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ ? | (ഇ) | നിലവിൽ കുടിശ്ശിക ഇല്ല |

സെക്ഷൻ ഓഫീസർ